നഗരൂർ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

882. [1097] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്കതിർത്തിയിൽപ്പെടുന്ന നഗരൂർ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഈ കാലയളവിൽ നഗരൂർ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഒരു റോഡു പണിതിട്ടുണ്ട്. (പണി പൂർത്തിയായിട്ടില്ല.)

(ബി) പാലാഴിക്കോപ്പം എൽ. പി. എസ്. ആലിൻമൂടു റോഡ്.

(സി) ഈ റോഡിനുവേണ്ടി മൊത്തം 90,602 രൂപ ചെലവഴിച്ചു.

കിളിമാനൂർ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

883. [1098] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്ക് അതിർത്തിയിൽപ്പെട്ട കിളിമാനൂർ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തിനിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഈ പദ്ധതിപ്രകാരം കിളിമാനൂർ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീം പ്രകാരം രണ്ട് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയിൽ ഒന്ന് പണി പൂർത്തിയാക്കി.

(ബി) 1. കണ്ണങ്കര-പരപ്പൻകുന്നു റോഡ് (പണി പൂർത്തിയായില്ല)
2. ഇരുളുപ്പച്ച-പുലിപ്പള്ളിക്കോണം റോഡ് (പണി പൂർത്തിയായി)

(സി) മൊത്തം 2,29,395 രൂപ ചെലവഴിച്ചു.

പഴയകുന്നുമ്മേൽ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

884. [1099] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്ക് അതിർത്തിയിൽപ്പെട്ട പഴയകുന്നുമ്മേൽ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഈ കാലയളവിൽ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. പദ്ധതിയിൻകീഴിൽ ഒരു റോഡ് നിർമ്മിച്ചിട്ടുണ്ട്.

(ബി) വിയ്യാറിൻകര വഴി കൊപ്പം-തൊളിക്കുഴി റോഡ്.

(സി) മൊത്തം 2,28,414 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly